2024 AUGUST 03 SATURDAY

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

www.societytodaynews.com




## ഉരുൾപൊട്ടലിന്റെ പ്രഭവസ്ഥാനം സമുദ്രനിരപ്പിൽനിന്നു 1550 മീറ്റർ ഉയരത്തിൽ: നിർണായക വിവരവുമായി ഐഎസ്ആർഒ

**മേപ്പാടി:** മുണ്ടക്കൈ ദുരന്തമേഖലയിൽ സജീവ മനുഷ്യസാന്നിധ്യം കുറവെന്നു കണ്ടെത്തൽ. മുണ്ടക്കൈ, പുഞ്ചിരിമട്ടം എന്നിവടങ്ങളിൽ തെർമൽ ഇമേജിങ് പരിശോധനയിലാണു സജീവ മനുഷ്യസാന്നിധ്യം കുറവാണെന്നു കണ്ടെത്തിയിരിക്കുന്നത്. ദുരന്തമേഖലയിൽനിന്നു ജീവനുള്ള എല്ലാവരെയും രക്ഷിച്ചെന്നു സർക്കാരും സൈന്യവും നേരത്തെ വ്യക്തമാക്കിയിരുന്നു. കൊച്ചിയിലെ ഏജൻസിയാണു ജില്ലാ ഭരണകൂടത്തിന്റെ ആവശ്യപ്രകാരം ഡ്രോൺ പരിശോധന നടത്തിയത്. തെർമൽ ഇമേജിങ് പരിശോധനാ റിപ്പോർട്ട് ജില്ലാ ഭരണകൂടത്തിനു കൈമാറി.

മുണ്ടക്കൈ ഉരുൾപൊട്ടലിന്റെ പ്രഭവസ്ഥാനം സംബന്ധിച്ച നിർണായക വിവരങ്ങൾ ഐഎസ്ആർഒയും പുറത്തുവിട്ടിട്ടുണ്ട്. സമുദ്രനിരപ്പിൽനിന്നു 1550 മീറ്റർ ഉയരത്തിലാണ് ഉരുൾപൊട്ടലിന്റെ പ്രഭവകേന്ദ്രമെന്നാണു കണ്ടെത്തൽ. ദുരന്ത ബാധിത മേഖല 86,000 ചതുരശ്ര മീറ്റർ വരും. റഡാർ സാറ്റ്ലൈറ്റ് ചിത്രങ്ങളാണ് ഐഎസ്ആർഒ പുറത്തുവിട്ടത്. ആറ് സോണുകളിലാണ് വെള്ളിയാഴ്ച തിരച്ചിൽ നടന്നത്. അട്ടമല പ്രദേശമാണ് ആദ്യ സോൺ. മുണ്ടക്കൈ, പുഞ്ചിരിമട്ടം, വെള്ളാർമല വില്ലേജ് റോഡ്, ജിവിഎച്ച്എസ്എസ് വെള്ളാർമല എന്നിങ്ങനെയാണ് 5 സോണുകൾ. ചൂരൽമല പുഴയുടെ അടിവാരത്തെ സോൺ ആറായും തിരിച്ചിട്ടുണ്ട്.

## വയനാട്ടിൽ ബിഎസ്എൻഎൽ കോളും ഡേറ്റയും സൗജന്യം




**തിരുവനന്തപുരം:** വയനാട്ടിലെ രക്ഷാദൗത്യത്തിന് പിന്തുണ നൽകുന്നതിൻറെ ഭാഗമായി ബി എസ് എൻ എൽ വയനാട് ജില്ലയിലെയും നിലമ്പൂർ താലൂക്കിലെയും എല്ലാ ഉപഭോക്താക്കൾക്കും 3 ദിവസത്തേക്ക് സൗജന്യ അൺലിമിറ്റഡ് കോളും ഡാറ്റാ ഉപയോഗ സൗകര്യവും ഏർപ്പെടുത്തി. പ്രതിദിനം 100 സൗജന്യ എസ്എം എസ് സൗകര്യവും ലഭിക്കും. ചൂരൽമല, മുണ്ടക്കൈ വില്ലെജുകളിലെ ദുരിതബാധിതരായ എല്ലാവർക്കും സൗജന്യ മൊബൈൽ കണക്ഷനും ബിഎസ്എൻഎൽ വാഗ്ദാനം ചെയ്തു.

ചൂരൽമലയിലെ ഏക മൊബൈൽ ടവർ ബിഎസ്എൻഎല്ലിൻറേതാണ്. ചൂരൽമല, മേപ്പാടി മൊബൈൽ ടവറുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 4ജി ആക്കി മാറ്റിയിട്ടുണ്ടെന്ന് ബിഎസ് എൻ എൽ പ്രിൻസിപ്പൽ ജനറൽ മാനേജർ സാജു ജോർജ് അറിയിച്ചു. ആരോഗ്യ വകുപ്പിന് പ്രത്യേക ടോൾ ഫ്രീ നമ്പറുകളും ജില്ലാ ഭരണകൂട ആസ്ഥാനത്തേക്കും ദുരിതാശ്വാസ കോർഡിനേറ്റർമാർക്കും അതിവേഗ ഇൻറർനെറ്റ് കണക്ഷനുകളും മൊബൈൽ സേവനവും ബി എസ് എൻ എൽ പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.

# പരിസ്ഥിതിലോല പ്രദേശങ്ങളുടെ വിജ്ഞാപനം പുറത്തിറക്കി കേന്ദ്രം

## കേരളത്തിൽ 131 വില്ലേജുകൾ

**ന്യൂഡൽഹി:** പശ്ചിമഘട്ടത്തിലെ 56,825.7 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോല പ്രദേശമാക്കുന്നതിന്റെ കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ പുറത്തിറക്കി. കേരളത്തിലെ 131 വില്ലേജുകളും കരട് വിജ്ഞാപനത്തിലെ പട്ടികയിൽ ഉണ്ട്. കരട് വിജ്ഞാപനം പ്രകാരം വയനാട്ടിലെ 13 വില്ലേജുകളും പരിസ്ഥിതിലോല മേഖലയിൽ ഉൾപ്പെടുന്നുണ്ട്. കേരളത്തിൽ ആകെ 9,993.7 ചതുരശ്ര കിലോമീറ്റർ പ്രദേശം കരട് വിജ്ഞാപനം പ്രകാരം പരിസ്ഥിതിലോലമാകും. കേരളം ഉൾപ്പെടെ 6 സംസ്ഥാനങ്ങളിലായിട്ടാണു 56,825.7 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പ്രദേശം പരിസ്ഥിതിലോലമായി പ്രഖ്യാപിക്കുക. ജൂലൈ 31നാണ് കേന്ദ്രസർക്കാർ കരട് വിജ്ഞാപനം പുറത്തിറക്കിയത്.



ഇത് ആറാം തവണയാണ് കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറത്തിറക്കിയത്. പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിക്കുന്ന പ്രദേശങ്ങളിൽ ഖനനം, ക്വാറികളുടെ പ്രവർത്തനം, മണലെടുപ്പ് തുടങ്ങിയവ നിരോധിക്കും. പുതിയ താപവൈദ്യുത നിലയങ്ങൾ തുടങ്ങുകയോ, നിലവിലുള്ളവ വികസിപ്പിക്കുകയോ ചെയ്യരുതെന്നും കരടിൽ നിർദേശമുണ്ട്. മാനന്തവാടി താലൂക്കിലെ പേരിയ, തിരുനെല്ലി, തൊണ്ടർനാട്, തൃശ്ശിലേരി, സുൽത്താൻ ബത്തേരി താലൂക്കിലെ കിടങ്ങനാട്, നൂൽപ്പുഴ, വൈത്തിരി താലൂക്കിലെ അച്ചൂരാനം, ചുണ്ടേൽ, കോട്ടപ്പടി, കുന്നത്തിടവക, പൊഴുതന, തരിയോട്, വെള്ളരിമല എന്നിങ്ങനെ വയനാട് ജില്ലയിലെ 13 വില്ലേജുകളാണ് പട്ടികയിലുള്ളത്. കോതമംഗലം താലൂക്കിലെ കുട്ടംപുഴ വില്ലേജ്, ദേവികുളം താലൂക്കിലെ 14 വില്ലേജുകൾ, ഇടുക്കി താലൂക്കിലെ 9 വില്ലേജുകൾ, പീരുമേട് താലൂക്കിലെ എട്ട് വില്ലേജുകൾ, തൊടുപുഴ താലൂക്കിലെ രണ്ടു വില്ലേജുകൾ, ഉടുമ്പുംചോല താലൂക്കിലെ 18 വില്ലേജുകൾ, ഇരിട്ടി താലൂക്കിലെ രണ്ടു വില്ലേജുകൾ, തലശ്ശേരി താലൂക്കിലെ ഒരു വില്ലേജ്, പത്തനാപുരം താലൂക്കിലെ രണ്ടു വില്ലേജുകൾ, പുനലൂർ താലൂക്കിലെ ആറ് വില്ലേജുകൾ എന്നിവ കരട് വിജ്ഞാപന പ്രകാരം പരിസ്ഥിത ലോല പ്രദേശമാകും.

ഇതിനു പുറമെ കാഞ്ഞിരപ്പള്ളിയിലെ കൂട്ടിക്കൽ വില്ലേജ്, മീനച്ചിലിലെ മൂന്ന് വില്ലേജുകൾ, കൊയിലാണ്ടിയിലെ രണ്ട് വില്ലേജുകൾ, താമരശ്ശേരിയിലെ ആറ് വില്ലേജുകൾ, വടകരയിലെ രണ്ട് വില്ലേജുകൾ, നിലമ്പൂരിലെ 11 വില്ലേജുകൾ, ആലത്തൂരിലെ ഒരു വില്ലേജ്, അട്ടപ്പാടിയിലെ ആറ് വില്ലേജുകൾ, ചിറ്റൂരിലെ മൂന്ന് വില്ലേജുകൾ, മണ്ണാർക്കാടിലെ ഒരു വില്ലേജ്, പാലക്കാടിലെ മൂന്ന് വില്ലേജുകൾ, കോന്നിയിലെ നാല് വില്ലേജുകൾ, റാന്നിയിലെ മൂന്ന് വില്ലേജുകൾ, കാട്ടാക്കടയിലെ നാലു വില്ലേജുകൾ, നെടുമങ്ങാട്ടെ മൂന്ന് വില്ലേജുകൾ, ചാലക്കുടിയിലെ രണ്ട് വില്ലേജുകൾ എന്നിവയും പട്ടികയിലുണ്ട്.

2022 ജൂലൈയിലാണ് ഇതിന് മുൻപ് സർക്കാർ കരട് വിജ്ഞാപനം പുറത്തിറക്കിയത്. സംസ്ഥാന സർക്കാരുകളുമായി കൂടിയാലോചിച്ച ശേഷമായിരിക്കും വിജ്ഞാപനം അന്തിമമാക്കണോയെന്നു കേന്ദ്ര സർക്കാർ തീരുമാനിക്കുക. കരട് വിജ്ഞാപനത്തിൽ അഭിപ്രായം അറിയിക്കാൻ പൗരന്മാർക്ക് 60 ദിവസത്തെ സമയം അനുവദിച്ചിട്ടുണ്ട്, അതിനുശേഷമായിരിക്കും അന്തിമ വിജ്ഞാപനത്തെ സംബന്ധിച്ച് തീരുമാനം എടുക്കുക. കേരളത്തിന് പുറമെ, തമിഴ്നാട്, കർണാടക, ഗോവ, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ ആറ് സംസ്ഥാനങ്ങളിലായാണ് 56,825.7 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോലമായി പ്രഖ്യാപിക്കാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. 2013ലാണ് ഇതിന്റെ നടപടികൾ സർക്കാർ ആരംഭിച്ചത്.

# സംസ്ഥാന ജിഎസ്ടി പിരിവിൽ ഇടിവ്

**കൊച്ചി:** ദേശീയ തലത്തിലെ ചരക്ക്സേവന നികുതി (ജിഎസ്ടി) സമാഹരണം കഴിഞ്ഞ വർഷം ജൂലൈയിലെ 1.65 ലക്ഷം കോടി രൂപയിൽ നിന്ന് കഴിഞ്ഞ മാസം (ജൂലൈ) 1.82 ലക്ഷം കോടി രൂപയായി കുതിച്ചുയർന്നപ്പോൾ, കേരളത്തിലെ പിരിവിലുണ്ടായത് വീഴ്ച.

2023 ജൂലൈയിലെ 2,381 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ കഴിഞ്ഞ മാസത്തെ ജിഎസ്ടി സമാഹരണത്തിൽ 5 ശതമാനം മാത്രമാണ് വർധനയെന്ന് ധനമന്ത്രാലയം പുറത്തുവിട്ട കണക്കുകൾ വ്യക്തമാക്കുന്നു. സംയോജിത ജിഎസ്ടി വിഹിതമടക്കം കേരളത്തിൻറെ വരുമാനം 5,514 കോടി രൂപയാണ് മുൻ വർഷത്തെ 2,534 കോടി രൂപയേക്കാൾ ഒരു ശതമാനം കുറവാണിത്.

കഴിഞ്ഞ മാസം ദേശീയ തലത്തിൽ പിരിച്ചെടുത്ത 1.82 ലക്ഷം കോടി രൂപ ജിഎസ്ടിയുടെ ചരിത്രത്തിലെ എക്കാലത്തെയും ഉയർന്ന രണ്ടാമത്തെ വലിയ പ്രതിമാസ സമാഹരണമാണ്. 2024 ഏപ്രിലിൽ പിരിച്ചെടുത്ത 2.10 ലക്ഷം കോടി രൂപയാണ് എക്കാലത്തെയും റെക്കോഡ്. ഇക്കഴിഞ്ഞ ജൂണിൽ 1.73 ലക്ഷം കോടിയും മേയിൽ 1.78 ലക്ഷം കോടിയുമായിരുന്നു ദേശീയതലത്തിലെ ജിഎസ്ടി സമാഹരണം.

മുൻ വർഷം ജൂലൈയിലെ 1.65 ലക്ഷവുമായി നോക്കുമ്പോൾ 10 ശതമാനമാണ് ജൂലൈയിലെ ജിഎസ്ടി സമാഹരണത്തിലെ വർധന.

മൊത്തം ജിഎസ്ടി വരുമാനത്തിൽ 32,386 കോടി രൂപ കേന്ദ്ര ജിഎസ്ടിയും 40,289 കോടി രൂപ സംസ്ഥാന ജിഎസ്ടിയുമാണ്. 96,447 കോടി രൂപ സംയോജിത ജിഎസ്ടിയായും 12,953 കോടി രൂപ സെസ് ഇനത്തിലും ലഭിച്ചു.

ഇതിൽ 16,283 കോടി രൂപ റീഫണ്ടായി നൽകി. രാജ്യത്തിൻറെ സമ്പദ്‌വ്യവസ്ഥയെ കുറിച്ചുള്ള പോസിറ്റീവായ സൂചനയാണ് ജിഎസ്ടി പിരിവിലുണ്ടായ വർധന സൂചിപ്പിക്കുന്നത്. ആഭ്യന്തര ഉപയോഗം വർധിച്ചതും ഇറക്കുമതി കാര്യമായി ഉയർന്നതുമാണ് ഇതിന് സഹായകമായത്.



# സംവരണം വേണ്ടത് ജാതി അടിസ്ഥാനമാക്കി

## ജസ്റ്റിസ് ബാലകൃഷ്ണൻ കമ്മീഷന് നിവേദനം നൽകി വിഎച്ച്പി

**കൊച്ചി :** സംവരണം നിശ്ചയിക്കേണ്ടത് ജാതിയുടെ അടിസ്ഥാനത്തിലാണെന്നും മതമല്ല സംവരണത്തിന്റെ മാനദണ്ഡമെന്നും വിശ്വഹിന്ദു പരിഷത്ത്. ഇക്കാര്യം ചൂണ്ടിക്കാട്ടി വിശ്വഹിന്ദു പരിഷത്ത് സംസ്ഥാന പ്രസിഡന്റ് വിജി തമ്പിയുടെ നേതൃത്വത്തിൽ ജസ്റ്റിസ് കെ ജി ബാലകൃഷ്ണൻ കമ്മീഷന് നിവേദനം നൽകി.

പട്ടികജാതി (എസ്സി) പദവിയും പരിവർത്തിതരായ ഇന്ത്യൻ ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും സംവരണം നൽകണമെന്ന ആവശ്യത്തെ യാതൊരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. ഇത് സമത്വത്തിന്റെയും സാമൂഹിക നീതിയുടെയും തത്വങ്ങൾ ലംഘിക്കുന്നുവെന്ന് മാത്രമല്ല ഭരണഘടനാ വിരുദ്ധമാണെന്നും വിശ്വഹിന്ദു പരിഷത്ത് നിവേദനത്തിൽ ചൂണ്ടിക്കാട്ടി. നൂറ്റാണ്ടുകളായി അടിച്ചമർത്തലും വിവേചനവും നേരിടുന്ന ചരിത്രപരമായി പിന്നാക്കം നിൽക്കുന്ന ജാതികൾക്ക് ഇന്ത്യൻ ഭരണഘടന എസ് സി പദവിയും സംവരണവും നൽകുന്നു. അതേ സമയം പരിവർത്തിതരായ ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും ഈ മാനദണ്ഡത്തിന് അർഹതയില്ല. ക്രിസ്തുമതത്തിലേക്കോ ഇസ്ലാമിലേക്കോ പരിവർത്തനം ചെയ്യുന്ന വ്യക്തികൾക്ക് എസ്സി ആനുകൂല്യങ്ങൾക്ക് അർഹതയില്ല. പരിവർത്തനം ചെയ്ത ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും പട്ടികജാതി പദവി നൽകുന്നത് സംവരണ നയത്തിന്റെ ദുരുപയോഗത്തിന് ഇടയാക്കുമെന്ന് മാത്രമല്ല, അതിന്റെ യഥാർത്ഥ ലക്ഷ്യവും ഉദ്ദേശവും തകർക്കുകയും ചെയ്യുമെന്നും വിശ്വഹിന്ദു പരിഷത്ത് ചൂണ്ടിക്കാട്ടി. നൂറ്റാണ്ടുകളായി കുമിഞ്ഞുകൂടിയ സാമൂഹികവും സാമ്പത്തികവുമായ പരാധീനതകളെ മതപരിവർത്തനം തുടച്ചു നീക്കില്ലെന്ന് സുപ്രീം കോടതി വിധിച്ചിട്ടുള്ളതാണെന്നും വിശ്വഹിന്ദു പരിഷത്ത് വ്യക്തമാക്കി. പരിവർത്തിത ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും പരമ്പരാഗത പട്ടികജാതി സമുദായങ്ങളേക്കാൾ വ്യത്യസ്തമായ സാമൂഹികവും സാമ്പത്തികവുമായ ചലനാത്മകതയുണ്ട്. അവർക്ക് പട്ടികജാതി പദവി നൽകുന്നത് ഈ വ്യത്യാസങ്ങളെ അവഗണിക്കുമെന്നും വിശ്വഹിന്ദു പരിഷത്ത് നിവേദനത്തിൽ വ്യക്തമാക്കി. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന തുല്യത, സാമൂഹിക നീതി, നിയമവാഴ്ച എന്നിവ ഉയർത്തിപ്പിടിക്കാൻ കമ്മീഷൻ തയ്യാറാകണമെന്നും വിശ്വഹിന്ദു പരിഷത്ത് ആവശ്യപ്പെട്ടു.



**ജസ്റ്റിസ് ബാലകൃഷ്ണൻ കമ്മീഷന് വിഎച്ച്പി സംസ്ഥാന പ്രസിഡന്റ് വിജി തമ്പിയുടെ നേതൃത്വത്തിൽ നിവേദനം നൽകുന്നു.**

# കെ.എഫ്.സി. റോളുകളുടെ പുതിയ ശ്രേണി അവതരിപ്പിച്ചു

**കൊച്ചി :**കെ.എഫ്.സി. റോളുകളുടെ പുതിയ ശ്രേണി. തായ് സ്പൈസി, കൊറിയൻ ടാംഗി, അമേരിക്കൻ നാഷ്‌വിൽ, ഇന്ത്യൻ തന്തൂരി, ഇന്ത്യൻ സ്പൈസി വെജ് എന്നിവയുൾപ്പെടെയുള്ള 5 ആവേശകരമായ രുചികളിൽ നിന്ന് തിരഞ്ഞെടുക്കുക.

ഏറ്റവും പുതിയ മെനു ഓഫറുകൾ എത്തുന്നത് 99/ രൂപയ്ക്കാണ് എല്ലാ കെ.എഫ്.സി. റെസ്റ്റോറന്റുകളിലും ഡൈൻഇൻ, ടേക്ക് എവേ എന്നിവയ്ക്ക് എല്ലാ പുതിയ സൗകര്യപ്രദമായ കെ.എഫ്.സി. ആപ്പ് വഴിയോ വെബ്സൈറ്റ് ലോ ഓർഡർ ചെയ്യാവുന്നതാണ് .

# വയനാട് ദുരന്ത ബാധിതർക്കുള്ള ക്ലെയിം നടപടിക്രമങ്ങൾ ലളിതമാക്കാൻ ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ്

**കൊച്ചി:** വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ ക്ലെയിം പ്രക്രിയകൾ അതിവേഗത്തിൽ തീർപ്പാക്കാനും നടപടിക്രമങ്ങൾ ലളിതമാക്കാനും ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് തീരുമാനിച്ചു. ബാധിതരായ പോളിസി ഉടമകളെയും അവരുടെ കുടുംബാംഗങ്ങളേയും പിന്തുണക്കാനായി പ്രത്യേക നടപടികൾ സ്വീകരിക്കാനും കമ്പനി തീരുമാനിച്ചിട്ടുണ്ട്. ദുരന്തത്തിൽപ്പെട്ടവരുടെ ഡെത്ത്, ഡിസെബിലിറ്റി ക്ലെയിമുകൾ അതീവ മുൻഗണനാ ക്രമത്തിൽ പരിഗണിക്കും. നോമിനി, നിയമപരമായ അവകാശികൾ, പോളിസി ഉടമകൾ എന്നിവർക്ക് കമ്പനിയുടെ ടോൾ ഫ്രീ നമ്പറായ 18002097272 യിൽ വിളിച്ചോ രാജ്യത്തെ 544 ബ്രാഞ്ചുകളിൽ അടുത്തുള്ളവ സന്ദർശിച്ചോ claims@bajajallianz.co.in എന്ന ഐഡിയിൽ ഇമെയിൽ അയച്ചോ അത്യാവശ്യം വേണ്ട രേഖകൾ മാത്രമായി ക്ലെയിം സമർപ്പിക്കാം.

ബാധിതരായ കുടുംബങ്ങളെ സമീപിക്കാനും ആവശ്യമായ പിന്തുണ നൽകാനും വേണ്ടി ഇതിൽ ഉൾപ്പെട്ടവരുടെ പട്ടിക ആധികാരിക സ്രോതസുകളിൽ നിന്നു ലഭ്യമാക്കാനും കമ്പനി സജീവമായി ശ്രമിക്കുന്നുണ്ട്. ബുദ്ധിമുട്ടേറിയ ഈ വേളയിൽ പോളിസി ഉടമകളേയും അവരുടേ കുടുംബങ്ങളേയും സഹായിക്കാൻ തങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും ബജാജ് അലയൻസ് ലൈഫ് ഇൻഷുറൻസ് അറിയിച്ചു.

# മോട്ടോറോള എഡ്ജ് 50 പുറത്തിറക്കി

**കൊച്ചി:** എഡ്ജ് സീരീസിലെ ഏറ്റവും പുതിയ ഫോണായ എഡ്ജ് 50 പുറത്തിറക്കി മോട്ടോറോള. മിലിട്ടറി ഗ്രേഡ് സർട്ടിഫൈഡ് ഡ്യൂറബിൾ, ഐപി 68 അണ്ടർവാട്ടർ പ്രൊട്ടക്ഷൻ എന്നിവയോടെയാണ് മോട്ടോറോള എഡ്ജ് 50 വരുന്നത്. ഉറപ്പ് പരിശോധിക്കുന്നതിനുള്ള 16 പരിശോധനകൾ വിജയകരമായി പൂർത്തിയാക്കി മികവ് തെളിയിച്ചതാണ് എഡ്ജ് 50. സോണി ലൈറ്റിയ 700സി സെൻസറും മോട്ടോ എഐ സവിശേഷതകളുമായി മികച്ച എഐ ക്യാമറ, 120ഹേർട്സ്, 1600നിറ്റ്സ് പീക്ക് ബ്രൈറ്റ്നസ്സ് എന്നിവയുള്ള 6.7 ഇഞ്ച് പിഒഎൽഇഡി 3ഡി കർവ്ഡ് ഡിസ്പ്ലേ, വയർലെസ് ചാർജിംഗ്, 30ത ഹൈബ്രിഡ് സൂം ഉള്ള ടെലിഫോട്ടോ ലെൻസ് തുടങ്ങിയ സവിശേഷതകളുമായാണ് എഡ്ജ് 50 വരുന്നത്.



8ജിബി+256ജിബി വേരിയന്റിൽ മാത്രം ലഭ്യമായ എഡ്ജ് 50 ഓഗസ്റ്റ് 8 മുതൽ ഫ്ലിപ്കാർട്ട്, മോട്ടോറോള.ഇൻ എന്നിവയിലും റീട്ടെയിൽ സ്റ്റോറുകളിലും 27,999 രൂപയ്ക്ക് വിൽപ്പനയ്ക്കെത്തും. വിവിധ ബാങ്ക് ക്രെഡിറ്റ് കാർഡുകൾ ഉപയോഗിച്ച് വാങ്ങുമ്പോഴും ക്രെഡിറ്റ് കാർഡ് ഇഎംഐ ഉപയോഗിച്ച് വാങ്ങുമ്പോഴും 2,000 രൂപ കിഴിവ് ലഭിക്കും.

# സമകാലിക ഇന്ത്യയെക്കുറിച്ചുള്ള പഠനങ്ങൾക്കായി ന്യൂ ഇന്ത്യാ ഫൗണ്ടേഷൻ അപേക്ഷ ക്ഷണിച്ചു

**തിരുവനന്തപുരം :** 12ാമത് ന്യൂ ഇന്ത്യാ ഫൗണ്ടേഷൻ ബുക്ക് ഫെലോഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. സ്വാതന്ത്രാനന്തര ഇന്ത്യൻ ചരിത്രത്തെക്കുറിച്ചുള്ള പഠനത്തിനാണ് ഫെലോഷിപ്പ്.

18 ലക്ഷം രൂപ സമ്മാനതുകയുള്ള ഫെലോഷിപ്പിന് രാജ്യത്തിനകത്തും പുറത്തുമുള്ള ഇന്ത്യക്കാർക്ക് അപേക്ഷിക്കാം. ഒരു വർഷത്തിനുള്ളിൽ പഠനം പൂർത്തിയാക്കണം.

ന്യൂ ഇന്ത്യാ ഫൗണ്ടേഷന്റെ വെബ്സൈറ്റായ www.newindiafoundation.org വഴി അപേക്ഷിക്കണം. 5000 വാക്കുകളിൽ പുസ്തകത്തിന്റെ ഉള്ളടക്കം, അല്ലെങ്കിൽ 5000 വാക്കുകളടങ്ങിയ എഴുത്ത് മാതൃക എന്നിവ ബയോഡാറ്റയോടൊപ്പം സമർപ്പിക്കണം. ഡിസംബർ 31ാണ് അപേക്ഷിക്കാനുള്ള അവസാന തിയതി.

# ഡോ ഗ്രിൻസൺ ജോർജ്ജ് സിഎംഎഫ്ആർഐയുടെ ഡയറക്ടർ



**കൊച്ചി:** ഡോ ഗ്രിൻസൺ ജോർജ്ജ് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) പുതിയ ഡയറക്ടറായി ചുമതലയേറ്റു. സിഎംഎഫ്ആർഐയിലെ സമുദ്രജൈവവൈവിധ്യ പരിസ്ഥിതി മാനേജ്മെന്റ് വിഭാഗത്തിന്റെ മേധാവിയായിരുന്നു. സൗത്ത് എഷ്യൻ അസോസിയേഷൻ ഫോർ റീജണൽ കോർപ്പറേഷന്റെ (സാർക്) ധാക്ക കേന്ദ്രത്തിൽ സീനിയർ പ്രോഗ്രാം സ്പെഷ്യലിസ്റ്റായി പ്രവർത്തിച്ചിട്ടുണ്ട്.

മത്സ്യവിഭവ പരിപാലനം, സമുദ്രജൈവ വൈവിധ്യം, പരിസ്ഥിതി മാനേജ്മെന്റ്, ഓഷ്യനോഗ്രഫി, റിമോട് സെൻസിംഗ്, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ മേഖലകളിൽ 22 വർഷത്തെ ഗവേഷണ പരിചയമുണ്ട്. ദേശീയഅന്തർദേശീയ തലത്തിൽ വിവിധ ഗവേഷണ പ്രൊജക്ടുകളുടെ മേധാവിയായി പ്രവർത്തിച്ചു. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം, പരിസ്ഥിതി വനം കാലാവസ്ഥാവ്യതിയാന മന്ത്രാലയം, കേന്ദ്ര ബയോടെക്നോളജി വകുപ്പ്, കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പ്, ഐഎസ്ആർഒ, കാലാവസ്ഥാവ്യതിയാന പഠനത്തിനുള്ള ഐസിഎആറിന്റെ നിക്ര ഗവേഷണ പദ്ധതി, ഇന്തോയുകെ വാട്ടർ ക്വാളിറ്റി ഇനിഷ്യേറ്റീവ് എന്നിവ ഇതിൽ പെടും.

കുസാറ്റ്, കുഫോസ് സർവകലാശാലകളിൽ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായിരുന്നു. കുസാറ്റ്, കുഫോസ്, ആന്ധ്ര സർവകലാശാല, മാംഗ്ലൂർ സർവകലാശാല എന്നിവയുടെ അംഗീകൃത ഗവേഷണ ഗൈഡാണ്. തൃശൂർ ജില്ലയിലെ ചാലക്കുടി സ്വദേശിയാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY



# വയനാടിനായി കൈകോർത്ത് സാങ്കേതിക സർവകലാശാല എൻ എസ് എസ് യൂണിറ്റുകൾ

**കൊച്ചി :**എപിജെ അബ്ദുൽ കലാം സാങ്കേതികശാസ്ത്ര സർവകലാശാല വയനാടിനായി സമാഹരിച്ച അവശ്യവസ്തുക്കൾ മന്ത്രി ബിന്ദു ഏറ്റുവാങ്ങി. തൃശൂർ ജില്ലയിലെ എൻ എസ് എസ് വിദ്യാർത്ഥികൾ സമാഹരിച്ച വസ്തുക്കളാണ് മന്ത്രി ഏറ്റുവാങ്ങിയത്. സ്റ്റേറ്റ് എൻഎസ്എസ് ഓഫീസർ ഡോ. ആർ എൻ ആൻസർ, സർവകലാശാല എൻഎസ്എസ് തൃശ്ശൂർ ജില്ലാ കോഡിനേറ്റർ പ്രൊഫ. വിപിൻ കൃഷ്ണ, എൻ എസ് എസ് വളണ്ടിയർമാർ പങ്കെടുത്തു.

എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട്, വയനാട് എന്നീ ജില്ലകളിൽ നിന്നും എൻജിനീയറിംഗ് വിദ്യാർത്ഥികൾ നിന്നും സമാഹരിച്ച വസ്തുക്കൾ കൽപ്പറ്റയിലുള്ള എൻ എം എസ് എം ഗവൺമെന്റ് കോളേജ് കളക്ഷൻ പോയിന്റിൽ എത്തിക്കും.

എറണാകുളം ജില്ല സമാഹരിച്ച അവശ്യവസ്തുക്കളുമായി കാലടി ആദിശങ്കര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ നിന്ന് വയനാട്ടിലേക്ക് പുറപ്പെട്ട വാഹനങ്ങൾ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം ഡോ. വിനോദ് കുമാർ ജേക്കബ് ഫ്ലാഗ് ഓഫ് ചെയ്തു. എറണാകുളം റീജിയണൽ കോഡിനേറ്റർ പ്രൊഫ. സിജോ ജോർജ്, എറണാകുളം ജില്ലാ കോഡിനേറ്റർ പ്രൊഫ. അരുൺ കുമാർ, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ പ്രൊഫ അശ്വിൻ, എസ് സി എം എസ് കോളേജിലെ പ്രോഗ്രാം ഓഫീസർ പ്രൊഫ. എ രാകേഷ് ന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

സർവ്വകലാശാല കണ്ണൂർ, കാസർഗോഡ് ജില്ലകളിൽനിന്നു സമാഹരിച്ച അവശ്യ സാധനങ്ങൾ, പ്രോഗ്രാം ഓഫീസർ പ്രൊഫസർ അഖിൽ ചാക്കോയുടെ നേതൃത്വത്തിൽ കോഴിക്കോട് എത്തിക്കും. അവശ്യസാധനങ്ങളുമായി പുറപ്പെട്ട വാഹനം പ്രിൻസിപ്പാൾ ഡോ. ജയപ്രകാശ് പി ഫ്ലാഗ് ഓഫ് ചെയ്തു. തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ നിന്ന് സമാഹരിച്ച അവശ്യവസ്തുക്കൾ അതാത് ജില്ലാ ഭരണകൂടങ്ങൾക്ക് കൈമാറി.

സർവ്വകലാശാല എൻഎസ്എസ് പ്രോഗ്രാം കോഡിനേറ്റർ ഡോക്ടർ എം അരുൺ, നോർത്ത് റീജണൽ കോഡിനേറ്റർ ഡോ. സുനീഷ് പി യു, കോഴിക്കോട് ജില്ലാ കോഡിനേറ്റർ പ്രൊഫ. റീന എബ്രഹാം, എറണാകുളം റീജിയണൽ കോഡിനേറ്റർ പ്രൊഫ. സിജോ ജോർജ് എന്നിവരാണ് ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്

വയനാട് ദുരന്തമുണ്ടായതിന് തൊട്ടുപിന്നാലെ പ്രിൻസിപ്പൽമാരുടെയും എൻ എസ് എസ് കോർഡിനേറ്റർമാരുടെയും യോഗം കൂടിയ സർവകലാശാല ദുരിതാശ്വാസ പ്രവർത്തനങ്ങൾ എൻ എസ് എസ് യൂണിറ്റുകൾ മുഖേന ഏകോപിപ്പിക്കാൻ തീരുമാനിച്ചിരുന്നു. സർവകലാശാല സിൻഡിക്കേറ്റ് അംഗങ്ങളുടെ നിർലോഭ പിന്തുണയും ഈ പ്രവർത്തനങ്ങൾക്കുണ്ട്.

# അവാൻസെ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ബാങ്കിങ് ഇതര ധനകാര്യ സ്ഥാപനമായ അവാൻസെ ഫിനാൻഷ്യൽ സർവീസസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് അനുമതി തേടി സെബിയ്ക്ക് കരടുരേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഐപിഒയിലൂടെ 3500 കോടി രൂപ സമാഹരിക്കാനാണ് കമ്പനി ലക്ഷ്യമിട്ടിരിക്കുന്നത്.

1000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടറുടെയും നിലവിലുള്ള നിക്ഷേപകരുടെയും 2500 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും.

കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, അവെൻഡസ് ക്യാപിറ്റൽ പ്രൈവറ്റ് ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, നോമുറ ഫിനാൻഷ്യൽ അഡ്വൈസറി ആൻഡ് സെക്യൂരിറ്റീസ് (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ്, നുവാമ വെൽത്ത് മാനേജ്മെന്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ .




# വയനാട് ദുരിതാശ്വാസം: ക്യൂബ്സ് ഇന്റർനാഷണൽ 10 ലക്ഷം രൂപ കൈമാറി

**കൊച്ചി:** വയനാട്ടിലെ ദുരിതബാധിതരെ സഹായിക്കുന്നതിനായി ക്യൂബ്സ് ഇന്റർനാഷണൽ പത്ത് ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് കൈമാറി. കടവന്ത്ര റീജിയണൽ സ്പോർട്സ് സെന്ററിൽ ആരംഭിച്ച കളക്ഷൻ സെന്ററിൽ വെച്ച് ജില്ലാ കളക്ടർ എൻഎസ്കെ ഉമേഷിന് ക്യൂബ്സ് ഇന്റർനാഷണൽ എംഡി ഷരീഫ് മുഹമ്മദിന് വേണ്ടി കമ്പനി പ്രതിനിധി നന്ദു രാജീവ് ചെക്ക് കൈമാറി. സബ് കളക്ടർ കെ.മീര, അസി.കളക്ടർ അൻജീത് സിങ് എന്നിവർ പങ്കെടുത്തു.

# കുസാറ്റ്: ബി.ടെക്ക് പ്രോഗ്രാമുകളിൽ സ്പോട്ട് അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ ബി.ടെക്ക് പ്രോഗ്രാമുകളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 7 മുതൽ 13 വരെ ആദ്യഘട്ട സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ബി.ടെക്ക് (ലാറ്ററൽ എൻട്രി) പ്രോഗ്രാമുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ ആഗസ്റ്റ് 6 ന് നടക്കും. കുസാറ്റ് ക്യാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. എസ്.സി/എസ്.ടി വിഭാഗം ഒന്നാം ഘട്ട സ്പോട്ട് അഡ്മിഷനും ഇതോടൊപ്പം നടക്കും. താൽപര്യമുള്ള വിദ്യാർത്ഥികൾ കുസാറ്റിലെ യൂണിവേഴ്സിറ്റി സെമിനാർ കോംപ്ലെക്സിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. രജിസ്ട്രേഷൻ സമയം രാവിലെ 9.00 മുതൽ 10.00 വരെ.ഹാജരാകേണ്ട അപേക്ഷകരുടെ റാങ്ക് പരിധിയും ഒഴിവുകളും അറിയുന്നതിനായി www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. കൂടുതൽ വിവരങ്ങൾക്ക്, 0484 2577100 എന്ന നമ്പറിൽ ബന്ധപ്പെടുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്കൂൾ ഓഫ് എൻജിനീയറിംഗിൽ എം.ടെക്ക് (ഫുൾ ടൈം) പ്രോഗ്രാമുകളിൽ വിവിധ വിഭാഗങ്ങളിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 5 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. ജിയോടെക്നിക്കൽ എൻജിനീയറിംഗിൽ 4 സീറ്റ്, സ്ട്രക്ചറൽ എൻജിനീയറിംഗിൽ 3 സീറ്റ്, കമ്പ്യൂട്ടർ സയൻസ് ആൻഡ് എൻജിനീയറിംഗിൽ (സൈബർ സെക്യൂരിറ്റി) 5 സീറ്റ്, ഇൻഫർമേഷൻ ടെക്നോളജി (ബിസ്നസ്സ് അനലിറ്റിക്സ് ആൻഡ് ഇൻറലിജൻസ്) യിൽ 10 സീറ്റ്, മെക്കാനിക്കൽ എൻജിനീയറിംഗിൽ (തെർമൽ) 15 സീറ്റ് എന്നിങ്ങനെയാണ് ഒഴിവ്. ഗേറ്റ്/ഡാറ്റ് റാങ്ക് ലിസ്റ്റിലുള്ളവർക്ക് പങ്കെടുക്കാം. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 9.30 ന് കുസാറ്റ് സ്കൂൾ ഓഫ് എൻജിനീയറിംഗിലെ ലബോറട്ടറി ബ്ലോക്കിലെ സെമിനാർ ഹാളിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അറ്റ്മോസ്ഫിയറിക് സയൻസ് വകുപ്പിൽ എം.എസ്.സി മീറ്റിയറോളജി പ്രോഗ്രാമിൽ ഒഴിവുള്ള സീറ്റുകളിലേക്കായി ആഗസ്റ്റ് 5 ന് സ്പോട്ട് അഡ്മിഷൻ നടത്തും. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10:30 ന് കുസാറ്റ് ലേക്ക്സൈഡ് ക്യാമ്പസിലെ അറ്റ്മോസ്ഫിയറിക് സയൻസ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക് www.admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ 0484286 3804 എന്ന നമ്പറിൽ ബന്ധപ്പെടുകയോ ചെയ്യുക.

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.ടെക് ഡാറ്റാ സയൻസ് ആൻഡ് അനലിറ്റിക്സ് പ്രോഗ്രാമിൽ ഒഴിവുള്ള 3 സീറ്റുകളിലേക്കായി (ഒ.ബി.എച്ച്1, കെ.എസ്.സി1, ജനറൽ1) ആഗസ്റ്റ് 5 ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപര്യമുള്ള വിദ്യാർത്ഥികൾ രാവിലെ 10.30 ന് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ അസ്സൽ സർട്ടിഫിക്കറ്റുകളും ഫീസും സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്, 04842575893, 04842862470 എന്ന നമ്പറുകളിലോ www.admissions.cusat.ac.in എന്ന വെബ്സൈറ്റിലോ ബന്ധപ്പെടുക.



സൊസൈറ്റി ടുഡേ
SOCIETY TODAY

# യാത്രാക്ലേശം: തൃപ്പൂണിത്തുറയിൽ ജനകീയ സദസ് ആഗസ്റ്റ് 6ന്

**കൊച്ചി:** ഗതാഗതവകുപ്പ് മന്ത്രി കെ ബി ഗണേഷ് കുമാറിന്റെ നിർദേശമനുസരിച്ച് തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയുടെയും മോട്ടോർ വാഹനവകുപ്പിന്റെയും ആഭിമുഖ്യത്തിൽ തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലെ പൊതുജനങ്ങൾക്ക് ഉണ്ടായിക്കൊണ്ടിരിക്കുന്ന യാത്രാക്ലേശം പരിഹരിക്കുന്നതിന് ജനകീയ സദസ് ആഗസ്റ്റ് ആറിന് ചൊവ്വാഴ്ച്ച രാവിലെ 11 ന് തൃപ്പൂണിത്തുറ പിഡബ്ല്യൂഡി റസ്റ്റ് ഹൗസിൽ കെ ബാബു എംഎൽഎയുടെ അധ്യക്ഷതയിൽ നടക്കും.

തൃപ്പൂണിത്തുറ മുനിസിപ്പൽ ചെയർപേഴ്സൺ രമ സന്തോഷ്, മരട് മുനിസിപ്പാലിറ്റി ചെയർമാൻ ആന്റണി ആശാൻപറമ്പിൽ, മുനിസിപ്പൽ കൗൺസിലർമാർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളുടെ പ്രസിഡന്റുമാർ അടക്കമുള്ള വിവിധ ജനപ്രതിനിധികൾ, പോലീസ് മേധാവികൾ, എറണാകുളം ആർ ടി ഒ കെ മനോജ്, തൃപ്പൂണിത്തുറ ജോയിന്റ് ആർടിഒ അബ്ദുൾ റഹ്മാൻ, റവന്യൂ പി ഡബ്ള്യൂ ഡി, നാഷണൽ ഹൈവേ പ്രതിനിധികൾ, റസിഡൻസ് അസോസിയേഷനുകൾ, ബസുടമ പ്രതിനിധികൾ, മോട്ടോർ വാഹന തൊഴിലാളി സംഘടനാ നേതാക്കൾ, മറ്റു രാഷ്ട്രീയ സാംസ്കാരിക പ്രാദേശിക നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

## കാലഹരണപ്പെട്ട ലിഫ്റ്റ് ലൈസൻസ് പുതുക്കൽ

**കൊച്ചി:** എറണാകുളം ജില്ല ലിഫ്റ്റ് ഇൻസ്പെക്ടറുടെ അധികാര പരിധിയിൽ വരുന്ന (ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, എറണാകുളത്തിന്റെ) ലിഫ്റ്റ് ആന്റ് എസ്കലേറ്റർ പ്രതിഷ്ഠാപനങ്ങളുടെ കാലഹരണപ്പെട്ട ലൈസൻസുകളുടെ പുതുക്കലിനു വേണ്ടി എറണാകുളം ജില്ല ഡെപ്യൂട്ടി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ ഓഗസ്റ്റ് ഒന്നു മുതൽ ഒക്ടോബർ 30 വരെ ഇത്തരത്തിലുള്ള പ്രതിഷ്ഠാപനങ്ങളുടെ ലൈസൻസ് പുതുക്കൽ അദാലത്ത് നടത്തുന്നു. ആവശ്യക്കാർക്ക് ഈ ഓഫീസുമായി ബന്ധപ്പെട്ട് നിർദ്ദേശങ്ങൾ സ്വീകരിക്കാം.

## വർക്ക് ഷോപ്പ്

**കൊച്ചി:** എംഎസ്എംഇ മേഖലയിലെ കയറ്റുമതി ഇറക്കുമതി നടപടിക്രമങ്ങളെ കുറിച്ച് അറിവ് നേടാൻ ആഗ്രഹിക്കുന്ന സംരംഭകർക്കായി വ്യവസായ വാണിജ്യ വകുപ്പിന്റെ സംരംഭകത്വ വികസന ഇൻസ്റ്റിറ്റ്യൂട്ടായ കേരള ഇൻസ്റ്റിട്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ്, മൂന്ന് ദിവസത്തെ വർക് ഷോപ്പ് സംഘടിപ്പിക്കുന്നു. ആഗസ്റ്റ് 12 മുതൽ 14 വരെ കളമശ്ശേരിയിലുള്ള കീടിന്റെ കാമ്പസിലാണ് പരിശീലനം. എംഎസ്എംഇ മേഖലയിലെ സംരംഭകർ / സംരംഭകർ ആകാൻ ആഗ്രഹിക്കുന്നവർ എന്നിവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. നിരവധി വിഷയങ്ങളാണ് പരിശീലനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2,950 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലനത്തിന്റെ ഫീസ് (കോഴ്സ്ഫീ, സർട്ടിഫിക്കേഷൻ, ഭക്ഷണം, താമസം, ജിഎസ്ടി ഉൾപ്പടെ). താമസം ആവശ്യമില്ലാത്തവർക്ക് 1,200 രൂപയാണ് മൂന്ന് ദിവസത്തെ പരിശീലനത്തിന്റെ ഫീസ്. പട്ടികജാതിപട്ടികവർഗ്ഗ വിഭാഗത്തിൽപെട്ടവർക്ക് 1,800 രൂപ താമസം ഉൾപ്പെടെയും, 800 രൂപ താമസം കൂടാതെയുമാണ് പരിശീലനത്തിന്റെ ഫീസ്. പരിശീലനത്തിൽ പങ്കെടുക്കാൻ http://kied.infot/raining-calender/ ആഗസ്റ്റ് എട്ടിന് മുമ്പ് അപേക്ഷ സമർപ്പിക്കണം. തിരഞ്ഞെടുക്കപ്പെടുന്ന 35 പേർ ഫീസ് അടച്ചാൽ മതി. കൂടുതൽ വിവരങ്ങൾക്ക് ഫോൺ 0484 2532890/0484 2550322/ 9188922785.

## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** എറണാകുളം മഹാരാജാസ് ഓട്ടോണോമസ് കോളേജിൽ പരീക്ഷ കൺട്രോളർ ഓഫീസിലേക്ക് കരാർ വേതന അടിസ്ഥാനത്തിൽ 179 ദിവസത്തേക്ക് സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലേക്ക് താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ള ഉദ്യോഗാർഥികൾ യോഗ്യത വിവരങ്ങൾ ഉൾപ്പെടുത്തിയ അപേക്ഷ ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം jobs@maharajas.ac.in ഇമെയിലിലേക്ക് അയക്കണം. അപേക്ഷ അയക്കേണ്ട അവസാന തീയതി ആഗസ്റ്റ് എട്ട്. ലഭിക്കുന്ന അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി യോഗ്യരായ അപേക്ഷകരെ അഭിമുഖത്തിനും അഭിരുചി പരീക്ഷക്കും ക്ഷണിക്കും. അഭിമുഖം സംബന്ധിച്ച വിശദാംശങ്ങൾ www.maharajas.ac.in വെബ് സൈറ്റിൽ ആഗസ്റ്റ് 12 ന് പ്രസിദ്ധീകരിക്കും.യോഗ്യത 1) സിസ്റ്റം അഡ്മിനിസ്ട്രേറ്റർ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷനിൽ ബിരുദാനന്തര ബിരുദം അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസിൽ ബിടെക് ബിരുദം. മൂന്ന് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം അഭിലഷണീയം. 2) ഡാറ്റ എൻട്രി ഓപ്പറേറ്റർ അംഗീകൃത സർവകലാശാലകളിൽ നിന്നും ഏതെങ്കിലും വിഷയത്തിലുള്ള ബിരുദം/ഡിപ്ലോമ, കമ്പ്യൂട്ടർ പരിജ്ഞാനം. രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം. യോഗ്യത, കമ്പ്യൂട്ടർ പരിജ്ഞാനം രണ്ട് വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയം



# വയനാട് ഉരുൾപൊട്ടൽ: നെഹ്റു ട്രോഫി വള്ളം കളി മാറ്റിവച്ചു

**ആലപ്പുഴ:** ഓഗസ്റ്റ് 10 ന് നടത്താനിരുന്ന നെഹ്റു ട്രോഫി വള്ളം കളി മാറ്റിവച്ചു. വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണു തീരുമാനം. പകരം സെപ്റ്റംബർ 7ന് നടത്താനാണ് ആലോചന. ആഘോഷങ്ങൾ ഒഴിവാക്കി മത്സരം നടത്താൻ നേരത്തെ ആലോചനയുണ്ടായിരുന്നു. കലക്ടർ അലക്സ് വർഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേക യോഗത്തിലാണു സാംസ്കാരിക ഘോഷയാത്ര ഉൾപ്പെടെ ആഘോഷങ്ങളെല്ലാം ഒഴിവാക്കി 10ന് തന്നെ മത്സരം നടത്താനുള്ള നിർദേശം ഉയർന്നത്. വള്ളംകളി മറ്റൊരു തീയതിയിലേക്കു മാറ്റണമെന്ന അഭിപ്രായവും ഉണ്ടായി. ചർച്ചയുടെ വിശദാംശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപെടുത്തി തീരുമാനമെടുക്കുമെന്നു കലക്ടർ അറിയിച്ചിരുന്നു.

വയനാട് ജില്ലയിലെ ഉരുൾപൊട്ടൽ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ വള്ളംകളി മാറ്റിവയ്ക്കാനുള്ള തീരുമാനത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുമ്പോഴും പുതിയ തീയതി നീളുന്നത് വൻ സാമ്പത്തിക ബാധ്യതയുണ്ടാക്കുമെന്ന ആശങ്കയിൽ ബോട്ട് ക്ലബ്ബുകൾ. മത്സരം ഈ മാസം തന്നെ നടത്തണമെന്ന ബോട്ട് ക്ലബ് പ്രതിനിധികൾ ഇന്നലെ ചേർന്ന സബ് കമ്മിറ്റി യോഗത്തിൽ ആവശ്യപ്പെട്ടു. വള്ളംകളി സെപ്റ്റംബർ ഏഴിന് നടത്താനായിരുന്നു ആലോചനയെങ്കിലും ഈ മാസം തന്നെ നടത്തണമെന്നു ബോട്ട് ക്ലബ്ബുകൾ ആവശ്യപ്പെട്ടതോടെ തീരുമാനം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കു വിടുകയായിരുന്നു.

തുഴച്ചിലുകാർക്കുള്ള വേതനം, ഭക്ഷണം, താമസം ഇനങ്ങളിലായി ഒരു ദിവസം രണ്ടു ലക്ഷത്തോളം രൂപയാണു ചെലവു വരുന്നതെന്നു ബോട്ട് ക്ലബ്ബുകൾ പറയുന്നു. ഒരു മാസം മുൻപേ പരിശീലനം ആരംഭിച്ച ക്ലബ്ബുകൾ ഇതിനകം 30,40 ലക്ഷം രൂപയോളം ചെലവഴിച്ചു കഴിഞ്ഞു. ഓഗസ്റ്റ് അവസാനവാരം മത്സരം നടത്തിയാൽ പോലും ഇനിയും 25,30 ലക്ഷം രൂപ ഓരോ ക്ലബ്ബും പരിശീലനത്തിനായി ചെലവാക്കേണ്ടിവരും. സെപ്റ്റംബറിലേക്ക് മത്സരം നീണ്ടാൽ ഇപ്പോൾ ആരംഭിച്ച പരിശീലന ക്യാംപുകൾ പിരിച്ചുവിടേണ്ടി വരും.

സംസ്ഥാനത്തിന് പുറത്തുനിന്നുൾപ്പെടെയുള്ള തുഴച്ചിൽകാരെ എത്തിച്ചാണ് പരിശീലനം ആരംഭിച്ചത്. ക്യാംപ് പിരിച്ചുവിട്ടാൽ വീണ്ടും ഇവരെ എത്തിക്കുന്നത് ബുദ്ധിമുട്ടാണ്. ഒന്നര മാസത്തോളം ക്യാംപ് നടത്തിയ വകയിലുള്ള ലക്ഷങ്ങളുടെ നഷ്ടം വേറെയും. പരിശീലന ക്യാംപുകൾ നേരത്തേ ആരംഭിച്ച ബോട്ട് ക്ലബ്ബുകൾക്കു വള്ളംകളി നീട്ടിവച്ച സാഹചര്യത്തിൽ നഷ്ടപരിഹാരം അനുവദിക്കണമെന്നും കേരള ബോട്ട് ക്ലബ് അസോസിയേഷൻ ജനറൽ സെക്രട്ടറി എസ്.എം.ഇഖ്ബാൽ ഇന്നലെ ചേർന്ന സബ് കമ്മിറ്റി യോഗത്തിൽ ആവശ്യപ്പെട്ടു.

വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആഘോഷങ്ങൾ ഒഴിവാക്കി നെഹ്റു ട്രോഫി വള്ളംകളി മത്സരം നടത്താമെന്ന നിർദേശമാണ് കഴിഞ്ഞ ദിവസം ബോട്ട് ക്ലബ്ബുകൾ മുന്നോട്ടുവച്ചത്. എന്നാൽ വള്ളംകളി മാറ്റിവയ്ക്കാൻ ഇന്നലെ തീരുമാനമെടുത്തപ്പോഴും ബോട്ട് ക്ലബ്ബുകൾ അതിനൊപ്പം നിന്നു. ഉരുൾപൊട്ടലിൽ നൂറുകണക്കിനാളുകൾ ദുരിതമനുഭവിക്കുമ്പോൾ മത്സരം നടത്തേണ്ടതില്ലെന്ന വികാരത്തിനൊപ്പമായിരുന്നു ക്ലബ്ബുകൾ. പക്ഷേ, ഈ തീരുമാനം മൂലം തങ്ങൾക്കുണ്ടാകുന്ന നഷ്ടവും അധികൃതർ പരിഗണിക്കണമെന്നാണ് ബോട്ട് ക്ലബ്ബുകളുടെ വാദം.

# സഞ്ചാരികളില്ല; മഴയിൽ പച്ചപിടിക്കാതെ ടൂറിസം

**തൊടുപുഴ:** മഴ കനത്തതോടെ ഇടുക്കിയിലെ ടൂറിസം കേന്ദ്രങ്ങളിൽ സഞ്ചാരികളുടെ വരവ് കുറഞ്ഞു. ജൂലൈ മാസത്തിലാണ് സഞ്ചാരികളുടെ എണ്ണത്തിൽ ഏറ്റവും കുറവുണ്ടായത്. മഴക്കാലം തുടങ്ങിയതോടെ ജില്ലയിൽ പാലിക്കേണ്ടതായ സുരക്ഷാ മാനദണ്ഡങ്ങളുടെ ഭാഗമായി ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയ യാത്രാ നിയന്ത്രണങ്ങളും വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കുള്ള പ്രവേശന നിരോധനവുമാണ് എണ്ണത്തിൽ കുറവുണ്ടാക്കിയത്. ജില്ലയിൽ ഇപ്പോഴും രാത്രിയാത്ര നിരോധനവും വിനോദസഞ്ചാര നിയന്ത്രണവും നിലനിൽക്കുകയാണ്. ഓറഞ്ച്, റെഡ് അലർട്ടുകൾ പിൻവലിക്കുന്നതുവരെ ഇതുതുടരും.

മധ്യവേനൽ അവധിക്കാലമായ മേയിൽ ടൂറിസ്റ്റ് കേന്ദ്രങ്ങളിലെത്തിയതിന്റെ പകുതിയോളമാണ് ജൂണിൽ ഇടുക്കി സന്ദർശിച്ചു മടങ്ങിയത്. ജൂലൈയിൽ വീണ്ടും എണ്ണം ഏതാണ്ട് നേർപകുതിയിലേക്ക് താഴ്ന്നു.

ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ (ഡിടിപിസി) കണക്ക് പ്രകാരം മേയിൽ 4,79,979, ജൂണിൽ 2,67,472, ജൂലൈയിൽ 1,26,015 സഞ്ചാരികളാണ് ഇടുക്കിയിലെത്തിയത്.

മേയിൽ 1,43,369 സഞ്ചാരികൾ എത്തിയ വാഗമൺ അഡ്വഞ്ചർ പാർക്കിൽ ജൂലൈയിൽ എത്തിയത് 26,918 പേർ മാത്രമാണ്. ചില്ലുപാലം നിലവിൽ വന്നതോടെ വാഗമണിലേക്ക് കഴിഞ്ഞ വർഷം മുതൽ സഞ്ചാരികളുടെ പ്രവാഹമായിരുന്നു. ഡിടിപിസിയുടെ കൂടാതെ, വനംവകുപ്പിന്റെ കീഴിലുള്ള കേന്ദ്രങ്ങളിലും ഹൈഡൽ ടൂറിസം കേന്ദ്രങ്ങളിലും സഞ്ചാരികൾ കുറഞ്ഞു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# പകർച്ചവ്യാധി പ്രതിരോധത്തിന് ജില്ലാതല മോണിറ്ററിംഗ് ടീം: മന്ത്രി വീണാ ജോർജ്

**തിരുവനന്തപുരം:** വയനാട് ഉരുൾ പൊട്ടലിന്റെ സാഹചര്യത്തിൽ പകർച്ചവ്യാധി പ്രതിരോധത്തിന് ജില്ലാതല മോണിറ്ററിംഗ് ടീമിനെ നിയോഗിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. പകർച്ചവ്യാധികൾക്കെതിരെ നിതാന്ത ജാഗ്രത പുലർത്താൻ നിർദേശം നൽകി. ക്യാമ്പുകളെല്ലാം മാനദണ്ഡങ്ങൾ പാലിച്ച് പ്രവർത്തിക്കണം. എലിപ്പനി, വയറിളക്ക രോഗങ്ങൾ, ഡെങ്കിപ്പനി, ഹെപ്പറ്റൈറ്റിസ് എ, ചിക്കൻ പോക്സ് എന്നിവയ്ക്കെതിരെ ജാഗ്രത പാലിക്കണമെന്നും മന്ത്രി നിർദേശം നൽകി. ഉരുൾപൊട്ടലിന്റെ സാഹചര്യത്തിൽ നടന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി.

ആശുപത്രികളിലെത്തിച്ച മുഴുവൻ മൃതദേഹങ്ങളും പോസ്റ്റ്മോർട്ടം ചെയ്തു. വയനാട്, കോഴിക്കോട്, തൃശൂർ, കണ്ണൂർ മെഡിക്കൽ കോളേജുകൾക്ക് പുറമേ ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകളിൽ നിന്നും ഫോറൻസിക് സർജൻമാർ സ്ഥലത്ത് എത്തിയിട്ടുണ്ട്. വയനാട് മേപ്പാടിയിൽ ഇപ്പോൾ പോസ്റ്റുമോർട്ടം നടത്തുന്ന സ്ഥലത്തിന് പുറമേ മറ്റൊരു സ്ഥലത്ത് കൂടി പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ക്രമീകരിച്ചു. ഇതുകൂടാതെ നിലമ്പൂർ ആശുപത്രിയിൽ എത്തിക്കുന്ന മൃതദേഹങ്ങൾ പോസ്റ്റുമോർട്ടം ചെയ്യുന്നതിന് വേണ്ടിയിട്ടുള്ള അധിക സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. 140 മൊബൈൽ ഫ്രീസറുകൾ ലഭ്യമാക്കിയിട്ടുണ്ട്. 210 മൃതദേഹങ്ങളും 135 ശരീര ഭാഗങ്ങളുമാണ് ഇതുവരെ കിട്ടിയത്. ശരീര ഭാഗങ്ങളുൾപ്പെടെ 343 പോസ്റ്റുമോർട്ടങ്ങൾ നടത്തി. നടപടികൾ പൂർത്തിയാക്കി 146 പേരുടെ മൃതദേഹങ്ങൾ തിരിച്ച് നൽകാനായി.

ചികിത്സ, ക്യാമ്പുകളിലുള്ളവരുടെ ആരോഗ്യം, മാനസികാരോഗ്യം, പകർച്ചവ്യാധി പ്രതിരോധം, പോസ്റ്റ്മോർട്ടം എന്നിവയാണ് ആരോഗ്യ വകുപ്പ് പ്രധാനമായും ഏകോപിപ്പിക്കുന്നത്. മൃതദേഹങ്ങൾ തിരിച്ചറിയുന്നതിന് ഡി.എൻ.എ. പരിശോധന നടത്തി വരുന്നു. എല്ലാ ആശുപത്രികളിലും അധികമായി മരുന്നുകൾ ലഭ്യമാക്കിയിട്ടുണ്ട്. ആശുപത്രി അടിസ്ഥാനത്തിൽ ക്യാമ്പുകളിലൂടെ മരുന്നുകൾ നൽകുന്നുണ്ട്. ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ ആവശ്യമുള്ളവരുടെ ലിസ്റ്റ് തയ്യാറാക്കി മരുന്നുകളും പരിചരണവും ഉറപ്പാക്കിയിട്ടുണ്ട്. ആയുഷ് വിഭാഗത്തിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്.

മാനസിക പിന്തുണ ഉറപ്പാക്കുന്നതിന് 123 കൗൺസിലർമാരെ നിയോഗിച്ചു. കൗൺസിലർമാർക്ക് ഐഡി കാർഡ് നിർബന്ധമാക്കിയിട്ടുണ്ട്. മാനദണ്ഡങ്ങൾക്കനുസരിച്ച് മാത്രമേ ഇവർ സേവനം നൽകാവൂ. ഇന്ന് 645 പേർക്ക് സൈക്കോ സോഷ്യൽ സപ്പോർട്ട് നൽകി. വിത്ത്ഡ്രോവൽ സിൻഡ്രോം കണ്ടെത്തിയ 3 പേരെ അഡ്മിറ്റാക്കി. ഗർഭിണികൾ, കുഞ്ഞുങ്ങൾ, വയോജനങ്ങൾ, രോഗങ്ങളുള്ളവർ എന്നിവരുടെ പരിചരണത്തിന് പ്രത്യേക പ്രാധാന്യം നൽകിയിട്ടുണ്ട്. സിക്കിൾ സെൽ അനീമിയ രോഗികളെ പ്രത്യേകം ശ്രദ്ധിക്കണം. ക്യാമ്പുകളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് പോലീസിന്റെ സേവനം തേടിയിട്ടുണ്ട്. ജീവനക്കാർ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കാനും മന്ത്രി നിർദേശം നൽകി.

ഒരു വയസിന് താഴെയുള്ള കുഞ്ഞുങ്ങൾ, 5 വയസിന് താഴെയുള്ള കുഞ്ഞുങ്ങൾ, മാതാപിതാക്കൾ നഷ്ടപ്പെട്ട കുഞ്ഞുങ്ങൾ എന്നിവരുടെ വിവരങ്ങൾ ശേഖരിച്ച് വരുന്നു. മുലയൂട്ടുന്ന അമ്മമാർക്ക് ക്യാമ്പുകളിൽ സ്വകാര്യത ഉറപ്പാക്കി പ്രത്യേക സൗകര്യമൊരുക്കിയിട്ടുണ്ട്. ആർത്തവ ശുചിത്വത്തിനും പ്രാധാന്യം നൽകി ഇടപെടൽ നടത്തണം. ഇവയെല്ലാം പ്രത്യേകം ശ്രദ്ധിക്കാൻ വനിത ശിശുവികസന വകുപ്പിന് മന്ത്രി നിർദേശം നൽകി.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, അഡീഷണൽ ഡയറക്ടർമാർ, കെ.എം.എസ്.സി.എൽ. ജനറൽ മാനേജർ, സ്റ്റേറ്റ് മെഡിക്കൽ ബോർഡ് അംഗങ്ങൾ, ജില്ലാ മെഡിക്കൽ ഓഫീസർമാർ, സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, ജില്ലാ പ്രോഗ്രാം മാനേജർമാർ, ജില്ലാ സർവൈലൻസ് ഓഫീസർമാർ, ആശുപത്രി സൂപ്രണ്ടുമാർ എന്നിവർ പങ്കെടുത്തു.

## പ്രൈം ഉപഭോക്താക്കൾക്കായി ആമസോൺ ഉത്പന്ന നിര വർദ്ധിപ്പിച്ചു

**കൊച്ചി:** പ്രൈം ഉപഭോക്താക്കൾക്ക് വേഗത്തിലുള്ള ഡെലിവറി ഉറപ്പാക്കാൻ ആമസോൺ ഉത്പന്ന നിര വർദ്ധിപ്പിച്ചു. ഇപ്പോൾ 10 ലക്ഷത്തിലധികം ഉത്പന്നങ്ങൾ ഓർഡർ ചെയ്ത അതേ ദിവസവും, 40 ലക്ഷത്തിലധികം ഉത്പന്നങ്ങൾ അടുത്ത ദിവസവും ഉപഭോക്താക്കൾക്ക് ലഭിക്കും. 2023 ഇതേ കാലയളവിനെ അപേക്ഷിച്ച് ഇന്ന് സെയിം ഡേ ഡെലിവറി ലഭിക്കുന്ന പ്രൈം മെംബേർസിന്റെ എണ്ണം ഇരട്ടിയായിട്ടുണ്ട്. പ്രൈം ഡേ, ആമസോൺ ഗ്രേറ്റ് ഇന്ത്യൻ ഫെസ്റ്റിവൽ തുടങ്ങിയ ഷോപ്പിംഗ് ഇവന്റുകളിൽ പ്രൈം മെംബേർസിന് ഇപ്പോൾ പ്രത്യേക ഡീലുകളും റിവാർഡുകളുമുണ്ട്.

## വയനാട്ടിലെ ഉരുൾപൊട്ടൽ: പിഎൻസി മേനോൻ 50 വീടുകൾ നിർമിച്ച് നൽകും



**കൊച്ചി:** വയനാട്ടിലെ ഉരുൾപൊട്ടലിന് ഇരയായവയർക്ക് 10 കോടി രൂപ ചെലവിൽ 50 വീടുകൾ നിർമിച്ച് നൽകുമെന്ന് ശോഭാ ഗ്രൂപ്പ് ചെയർമാനും സ്ഥാപകനുമായ പി എൻ സി മേനോൻ അറിയിച്ചു. ദുരന്തത്തിൽ നടുക്കവും വേദനയും രേഖപ്പെടുത്തിയ പി എൻസി മേനോൻ ദുരന്തത്തിനിരയായ കുടുംബങ്ങളെ പിന്തുണക്കുന്നതിൽ പ്രതിജ്ഞാബദ്ധരാണെന്ന് മുഖ്യമന്ത്രി പിണറായി വിജയന് അയച്ച കത്തിൽ വ്യക്തമാക്കി.

വിഷമഘട്ടത്തിൽ ഞങ്ങൾ വയനാട്ടിലെ ജനതക്കൊപ്പം നിൽക്കുന്നു, ജീവൻ നഷ്ടപ്പെട്ടവരെയും ഉരുൾപ്പൊട്ടൽ മൂലം കുടുംബാംഗങ്ങളെ നഷ്ടപ്പെട്ടവരെയും അനുശോചനം അറിയിച്ചുകൊണ്ട് ശ്രീ മേനോൻ പറഞ്ഞു. താത്കാലിക ആശ്വാസം എന്ന നിലയിൽ മാത്രമല്ല, ദുരന്തത്തിനിരയായവർക്ക് ദീർഘകാല പിന്തുണ നൽകുക എന്ന ഉദ്ദേശ്യത്തോടെയാണ് 10 കോടി രൂപ ചെലവിട്ട് 50 വീടുകൾ നിർമിക്കാനുള്ള ഉറപ്പുനൽകുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു. പാലക്കാട് ജില്ലയിലെ നിരാലംബരായ കുടുംബങ്ങൾക്കായി 1,000 വീടുകൾ നിർമ്മിക്കാനുള്ള ശോഭാ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങൾക്കു പുറമെയാണിത്.

## ലൈഫ് കണ്ടിന്യുവിറ്റി സൗകര്യം തിരഞ്ഞെടുക്കാൻ അവസരം

**കോഴിക്കോട്:** ഐസിഐസിഐ പ്രുഡെൻഷ്യൽ ലൈഫിന്റെ ഏറ്റവും കൂടുതൽ വിൽക്കപ്പെടുന്ന ടേം ഇൻഷൂറൻസ് പ്ലാൻ ആയ ഐസിഐസിഐ പ്രൂ ഐപ്രൊട്ടക്ട് സ്മാർട്ടിൽ ഇനിമുതൽ ലൈഫ് കണ്ടിന്യുവിറ്റി സൗകര്യം തിരഞ്ഞെടുക്കാൻ അവസരം. ക്ലെയിം തുക പ്രതിമാസ വരുമാനമായി കുടുംബത്തിന് നൽകുന്നതാണ് ഈ പദ്ധതി. മൊത്തമായി ലഭിക്കുന്ന ക്ലെയിം തുക എങ്ങനെ കൈകാര്യം ചെയ്യണമെന്ന് അറിവില്ലാത്ത കുടുംബങ്ങൾക്ക് ഈ സൗകര്യം ഏറെ ഗുണകരമാകും. മാരക രോഗങ്ങൾക്കെതിരെയുള്ള പരിരക്ഷയും ഈ പ്ലാനിനൊപ്പം അധികമായി കൂട്ടിച്ചേർക്കാവുന്നതാണ്. കാൻസർ, കിഡ്നി രോഗങ്ങൾ, ലുക്കീമിയ, പാർക്കിൻസൺസ് പോലുള്ള രോഗങ്ങൾക്കെതിരെ ഇതിലൂടെ പരിരക്ഷ നേടാം. രോഗം സ്ഥിരീകരിക്കുമ്പോൾ തന്നെ ചികിത്സക്കായി ഈ പണം വിനിയോഗിക്കാം. 2024 സാമ്പത്തിക വർഷം 99.17 ശതമാനമായിരുന്നു ഐസിഐസിഐ പ്രുഡൻഷ്യലിന്റെ ക്ലെയിം സെറ്റിൽമെന്റ് നിരക്ക്.

## പട്ടിക ജാതി വികസന വകുപ്പിന്റെ കോഴ്സുകളിൽ പ്രവേശനം

**കൊച്ചി** : സംസ്ഥാന പട്ടിക ജാതി വികസന വകുപ്പ് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന വിവിധ ഓട്ടോമൊബൈൽ കോഴ്സുകളിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. കേന്ദ്രസർക്കാരിന്റെ എൻ.എസ്.ഡി.സി സർട്ടിഫിക്കറ്റ് കോഴ്സുകളായ ഒരു വർഷ ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ്, അഞ്ച് മാസത്തെ ഇലക്ട്രിക് വെഹിക്കിൾ സർവീസിങ്ങ് എന്നീ കോഴ്സുകളിലേയ്ക്കാണ് അഡ്മിഷൻ. കുട്ടികൾക്ക് പ്രതിമാസ സ്റ്റൈഫന്റ്, യൂണിഫോം, പഠന സാമഗ്രികൾ എന്നിവ നൽകും. ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങ് കോഴ്സിൽ ചേരുന്ന കുട്ടികൾളെ ടൂ വീലർ, ഫോർ വീലർ ഡ്രൈവിംഗും പഠിപ്പിക്കും. കുറ്റുക്കാരൻ ഇൻസ്റ്റിറ്റ്യൂട്ട് ആണ് നോഡൽ ഏജൻസി. അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. 18നും 25നും മധ്യേ പ്രായമുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് 8592040022,9846019500

## സംസ്കൃത സർവകലാശാലയിൽ മേഴ്സി ചാൻസിന് അപേക്ഷിക്കാം; അവസാന തീയതി ഓഗസ്റ്റ് 17

**കൊച്ചി** : ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ ബി. എ. 2015 റഗുലേഷൻ ബാധകമായ സംസ്കൃതം സാഹിത്യം, സംസ്കൃതം ന്യായം, സംസ്കൃതം വ്യാകരണം, സംസ്കൃതം വേദാന്തം, സംസ്കൃതം ജനറൽ, സംസ്കൃതം ആൻഡ് ഐ. ടി., ഡാൻസ് മോഹിനിയാട്ടം, ഡാൻസ് ഭരതനാട്യം, മ്യൂസിക് എന്നീ ബിരുദ പ്രോഗ്രാമുകളിലെ വിവിധ പരീക്ഷകൾ പാസ്സാകാൻ കഴിയാതിരുന്നവരും ഇന്റേണൽ പരീക്ഷകളുടെ മാനദണ്ഡങ്ങൾ പൂർത്തീകരിച്ച വരുമായ വിദ്യാർത്ഥികളിൽ നിന്നും മേഴ്സി ചാൻസ് പരീക്ഷകൾക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചു. കാലടി മുഖ്യകേന്ദ്രത്തിലാണ് മേഴ്സി ചാൻസ് പരീക്ഷകൾ നടത്തുക.

നിർദ്ദിഷ്ട കോഴ്സുകളുടെ എല്ലാ ഇന്റേണൽ പരീക്ഷകളും വിജയിച്ചവർ മാത്രം അപേക്ഷിച്ചാൽ മതിയാകും. ബി. എ. പ്രോഗ്രാമിന് സെമസ്റ്റർ ഭേദമന്യേ 5000/രൂപയാണ് ഫീസ് നിശ്ചയിച്ചിരിക്കുന്നത്. 2015 റെഗുലേഷനിൽപ്പെട്ട 2015 മുതൽ 2019 വരെയുള്ള കാലഘട്ടത്തിൽ ബിരുദ പഠനം നടത്തി, ഇന്റേണൽ പരീക്ഷകളുടെ മാനദണ്ഡങ്ങൾ പൂർത്തീകരിച്ച എല്ലാ വിദ്യാർത്ഥികൾക്കും മേഴ്സി ചാൻസ് പ്രകാരം പരീക്ഷ എഴുതുന്നതിന് ഓരോ പേപ്പറിനും നിശ്ചയിക്കപ്പെട്ട നിർദ്ദിഷ്ട ഫീസിനൊപ്പം മേഴ്സി ചാൻസ് ഫീ ഇനത്തിൽ 5000/രൂപ കൂടി അടച്ച് അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇന്റേണൽ പരീക്ഷകളുടെ മാനദണ്ഡങ്ങൾ പൂർത്തിയാക്കാത്തവരുടെയും പാസ്സാകാത്തവരുടെയും അവസാന തീയതിക്ക് ശേഷം അപേക്ഷ സമർപ്പിക്കുന്നവരുടെയും അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.

അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 17. ഓൺലൈനായി അപേക്ഷിക്കണം. ഓഗസ്റ്റ് അഞ്ച് മുതൽ മേഴ്സി ചാൻസ് രജിസ്ട്രേഷൻ ആരംഭിക്കും. ഇരുനൂറ് രൂപ പിഴയോടെ ഓഗസ്റ്റ് 21 വരെയും ആയിരം രൂപ സൂപ്പർഫൈനോടെ ഓഗസ്റ്റ് 24 വരെയും അപേക്ഷകൾ സ്വീകരിക്കും. മേഴ്സി ചാൻസ് പരീക്ഷകളുടെ ഷെഡ്യൂൾ സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

**തിരുവനന്തപുരം:** സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിങ്ങും സംയുക്തമായി തിരുവനന്തപുരത്തുള്ള ട്രെയിനിങ് ഡിവിഷനിൽ ആരംഭിച്ച കേരള ഗവൺമെന്റ് അംഗീകൃത ഒരു വർഷ ദൈർഘ്യമുള്ള കെ.ജി.റ്റി.ഇ പ്രീ പ്രസ്സ് ഓപ്പറേഷൻ, കെ.ജി.റ്റി.ഇ പ്രസ് വർക്ക് 2024 25 കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പട്ടികജാതി/ പട്ടികവർഗ മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് സൗജന്യമായിരിക്കും. ഒ.ബി.സി/ എസ്.ഇ.ബി.സി/ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിക്ക് വിധേയമായി ഫീസ് സൗജന്യം ലഭിക്കും. പ്രസ്തുത സർട്ടിഫിക്കറ്റുകൾ കെ.ജി.റ്റി.ഇ ഹയറിന് തുല്യമായി ഡി.റ്റി.പി ഓപ്പറേറ്റർ/ പ്രൂഫ് റീഡർ/ പ്രൊഡക്ഷൻ പ്ലാനിംഗ് അസിസ്റ്റന്റ്/ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ ഓപ്പറേറ്റർ തുടങ്ങിയ തസ്തികകളിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നിയമനം ലഭിക്കുന്നതിന് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024. എന്ന വിലാസത്തിൽ നേരിട്ട് ഹാജരാകണം.

# ആഗോള മില്യൺ ഡോളർ റൗണ്ട് ടേബിൾ റാങ്കിങ്ങിൽ ആറാമതെത്തി ടാറ്റാ എഐഎ



**കൊച്ചി:** ഇന്ത്യയിലെ മുൻനിര ലൈഫ് ഇൻഷ്വറൻസ് കമ്പനികളിലൊന്നായ ടാറ്റാ എഐഎ ലൈഫ് ഇൻഷ്വറൻസ് 2024 വർഷത്തേക്കുള്ള ആഗോള മില്യൺ ഡോളർ റൗണ്ട് ടേബിൾ (എംഡിആർടി) റാങ്കിങ്ങിൽ ആറാം സ്ഥാനം നേടി. 2584 രജിസ്ട്രേഡ് എംഡിആർടി ലൈഫ് ഇൻഷ്വറൻസ് അഡ്വൈസർമാരുമായി കമ്പനി ഇന്ത്യയിൽ ഏറ്റവും മുന്നിലാണ്. എംഡിആർടി യോഗ്യത നേടിയ 1238 വനിതാ അഡ്വൈസർമാരുമായി കമ്പനി ഇന്ത്യയിൽ ഒന്നാം സ്ഥാനത്തും ആഗോള തലത്തിൽ ഏഴാം സ്ഥാനത്തുമാണ്.

ആഗോള തലത്തിലുള്ള ലൈഫ് ഇൻഷ്വറൻസ്, ഫിനാൻഷ്യൽ സർവീസസ് മേഖലകളിലെ പ്രൊഫഷണലുകൾക്കായുള്ള സ്വതന്ത്ര അസോസിയേഷനാണ് മില്യൺ ഡോളർ റൗണ്ട് ടേബിൾ (എംഡിആർടി). 80 രാജ്യങ്ങളിൽ നിന്നായുള്ള 700 കമ്പനികളിലെ പ്രൊഫഷണലുകളാണിതിലുള്ളത്. ലൈഫ് ഇൻഷ്വറൻസ്, സാമ്പത്തിക സേവന ബിസിനസ് രംഗത്ത് മികവിന്റെ മാനദണ്ഡമായി ആഗോള തലത്തിൽ അംഗീകരിക്കപ്പെട്ടതാണ് എംഡിആർടി അംഗത്വം.

ടാറ്റാ എഐഎയുടെ എംഡിആർടി യോഗ്യതയുള്ള അഡ്വൈസർമാരുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 30.64 ശതമാനം വർധനവാണുണ്ടായത്. വനിതകളുടെ കാര്യത്തിൽ ഈ വർധനവ് 32.64 ശതമാനവുമാണ്.

തുടർച്ചയായി രണ്ടാമത്തെ വർഷവും ഇന്ത്യയിൽ ഏറ്റവും കൂടുതൽ എംഡിആർടി അംഗങ്ങളുള്ള സ്ഥാപനമായും ആഗോള തലത്തിൽ ആറാം സ്ഥാനത്തുള്ള സ്ഥാപനമായും മാറാനായത് തങ്ങൾക്ക് അതീവ അഭിമാനമാണു നല്കുന്നതെന്ന് ടാറ്റാ എഐഎ പ്രൊപ്പറൈറ്ററി ബിസിനസ് ചീഫ് ഡിസ്ട്രിബ്യൂഷൻ ഓഫിസർ അമിത് ദാവേ പറഞ്ഞു. ഉപഭോക്താക്കളോടുള്ള തങ്ങളുടെ അചഞ്ചലമായ പ്രതിബദ്ധതയാണിതു കാണിക്കുന്നത്. ആശങ്കകളില്ലാത്ത ജീവിതം നയിക്കാൻ ഇതു തങ്ങളുടെ ഉപഭോക്താക്കളെ സഹായിക്കുന്നതായും അദ്ദേഹം പറഞ്ഞു.

ലൈഫ് ഇൻഷ്വറൻസ് പദ്ധതികൾ ദീർഘകാല പദ്ധതികളായതിനാൽ കൃത്യമായ ഉപദേശം ലഭിക്കേണ്ടത് വളരെ ആവശ്യമാണ്. ഏറ്റവും കൂടുതൽ എംഡിആർടി അംഗങ്ങളുള്ളത് വളരെ കൃത്യമായ ഉപദേശം ഉപഭോക്താക്കൾക്ക് പ്രദാനം ചെയ്യാനും എല്ലാ വർഷവും പോളിസി പുതുക്കുന്നതുമായ ഉപഭോക്താക്കളെ ലഭിക്കുവാനും വഴിയൊരുക്കും.



**വയനാട് ദുരിതബാധിതർക്ക് സഹായവുമായി എറണാകുളം സഹൃദയ എത്തിച്ച സാധനങ്ങൾ സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, മുൻ ഡയറക്ടർ ഫാ. പോൾ ചെറുപിള്ളി എന്നിവർ ചേർന്ന് കല്പറ്റ ഫൊറോനാ വികാരി ഫാ. മാത്യു പെരിയപ്പുറത്തിനു കൈമാറുന്നു.**

# ദുരിതബാധിതർക്ക് കരുതലായി എറണാകുളം സഹൃദയ

**കൊച്ചി :** വയനാട്ടിലെ പ്രകൃതിക്ഷോഭമുണ്ടായ പ്രദേശങ്ങളിലെ ദുരിതബാധിതർക്കായി എറണാകുളം അങ്കമാലി അതിരൂപത സാമൂഹ്യ പ്രവർത്തന വിഭാഗമായ സഹൃദയയുടെ കരുതൽ. സഹൃദയ സമാഹരിച്ച അഞ്ചു ടൺ ഭക്ഷ്യവസ്തുക്കൾ, വസ്ത്രങ്ങൾ നിത്യോപയോഗസാമഗ്രികൾ എന്നിവയുമായി ആദ്യ വാഹനം മേപ്പാടി പഞ്ചായത്തിലെ വിവിധ ദിരിതാശ്വാസ ക്യാമ്പുകളിൽ എത്തിച്ചു. മാനന്തവാടി രൂപത സോഷ്യൽ സർവീസ് വിഭാഗത്തിന്റെ (ഡബ്ലിയു എസ് എസ് ) സന്നദ്ധ പ്രവർത്തകർ സാധനങ്ങൾ ഏറ്റുവാങ്ങി. സഹൃദയ ഡയറക്ടർ ഫാ. ജോസ് കൊളുത്തുവെള്ളിൽ, മുൻ ഡയറക്ടർ ഫാ. പോൾ ചെറുപിള്ളി, ഡബ്ലിയു എസ് എസ് ഡയറക്ടർ ഫാ. ജിനോ പാലത്തടത്തിൽ, കല്പറ്റ ഫൊറോനാ വികാരി ഫാ. മാത്യു പെരിയപ്പുറം, ക്യാമ്പ് മോഡൽ ഓഫീസർ ശരത്ചന്ദ്രൻ എന്നിവർ പങ്കെടുത്തു.

ദുരിതബാധിതരെ സന്ദർശിച്ചു സഹൃദയയിലെ വൈദീകർ കൗൺസിലിംഗ് സേവനവും നൽകിവരുന്നുണ്ട്.

# ഇന്റർവ്യൂ പരിശീലനത്തിനുള്ള സൗജന്യ എഐ ആപ്പുമായി കൊച്ചി സ്റ്റാർട്ടപ്പ്

**കൊച്ചി:** ഉദ്യോഗാർത്ഥികൾക്ക് സൗജന്യമായി ഇന്റർവ്യൂ പരിശീലനം നൽകുന്ന ആപ്പ് വികസിപ്പിച്ചെടുത്ത് കൊച്ചി സ്റ്റാർട്ടപ്പായ എഡ്യൂനെറ്റ്.

വൈവ എന്നു പേരിട്ടിരിക്കുന്ന ആപ്പ് ആൻഡ്രോയ്ഡ്, ആപ്പ്ൾ ഫോണുകളിൽ ഉപയോഗിക്കുന്നതിനായി ഗൂഗ്ൾപ്ലേ സ്റ്റോറിലും ഐഒഎസ് ആപ്പ് സ്റ്റോറിലും എത്തിക്കഴിഞ്ഞതായി എഡ്യൂനെറ്റ് സിഇഒ രാം മോഹൻ നായർ പറഞ്ഞു.

വിദ്യാഭ്യാസം, ടെക്നോളജി, ഹെൽത്ത് കെയർ, റീടെയിൽ, മാനുഫാക്ചറിംഗ്, ടൂറിസം തുടങ്ങി 40ലേറെ വിവിധ തരം വ്യവസായമേഖകലകളിലുള്ള 120ൽപ്പരം വിവിധ തസ്തികകളിലേയ്ക്കുള്ള മോക്ക് ഇന്റർവ്യൂകൾക്കാണ് ഈ ആപ്പിലൂടെ പരിശീലനം നേടാനാവുക. എഐ അധഷ്ഠിതമായ ഈ ആപ്പ് ഉദ്യോഗാർത്ഥിയോട് യഥാർത്ഥത്തിൽ ഇന്റർവ്യൂ ചെയ്യുന്ന ആൾ എന്നപോലെ തന്നെ വിവിധ ചോദ്യങ്ങൾ ചോദിക്കും. ഉത്തരങ്ങൾ കേട്ട് തെറ്റായ ഉത്തരങ്ങൾ തിരുത്തി തരികയും ചെയ്യും. ഇതുപയോഗിച്ച് തുടർച്ചയായി പരിശീലനം നേടിയാൽ ഏതു തരം ഇന്റർവ്യൂകളും നേരിടാൻ ഉദ്യോഗാർത്ഥികൾ സജ്ജരാകുമെന്ന് രാം മോഹൻ നായർ പറഞ്ഞു. ഇംഗ്ലീഷിലും മലയാളത്തിലും ഈ സേവനം ലഭ്യമാകും.

കേരളത്തിലെ ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസയോഗ്യതകളുടെ കാര്യത്തിൽ മുൻപന്തിയിലാണെങ്കിലും ഇന്റർവ്യൂ ഘട്ടത്തിൽ പരാജയപ്പെടുന്നത് പതിവാകുന്നതു കണക്കിലെടുത്താണ് ഇത്തരമൊരു ആപ്പ് വികസിപ്പിച്ചെടുത്തതെന്നും രാം മോഹൻ നായർ പറഞ്ഞു.

പരിശീലനത്തിനിടയിൽ പ്രത്യക്ഷപ്പെടുന്ന പരസ്യങ്ങളിലൂടെ ലഭിക്കുന്ന ചെറിയ വരുമാനത്തിലൂടെയാണ് ആപ്പിന്റെ സേവനം സൗജന്യമായി നൽകാൻ സാധിക്കുന്നതെന്ന് രാം മോഹൻ പറഞ്ഞു.

# മണപ്പുറം ഫൗണ്ടേഷൻ റെയിൻ കോട്ടുകൾ നൽകി



**തൃശൂർ:** മണപ്പുറം ഫൗണ്ടേഷൻ കാട്ടൂർ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥർക്ക് മഴക്കെടുതി നേരിടുന്നതിനായി റെയിൻ കോട്ടുകൾ നൽകി. കാട്ടൂർ പോലീസ് സ്റ്റേഷനിൽ വെച്ച നടന്ന ചടങ്ങിൽ സ്റ്റേഷൻ ഹൌസ് ഓഫീസർ ബൈജു ഇ ആർ, എസ് ഐ രമ്യ കാർത്തികേയൻ, ഗ്രേഡ് എസ് ഐ ലിജു, ജി എസ് സി പി ഒ ശബരി കൃഷ്ണൻ, വിജയൻ, ശ്യാം, സി പി ഒ അബീഷ് എന്നിവർ ചേർന്ന് മണപ്പുറം ഫൗണ്ടേഷൻ സി ഇ ഒ ജോർജ് ഡി ദാസിൽ നിന്നും റെയിൻ കോട്ടുകൾ പോലീസ് സ്റ്റേഷന് വേണ്ടി ഏറ്റുവാങ്ങി. മണപ്പുറം ഫൗണ്ടേഷൻ ഈ വർഷത്തെ സി എസ് ആർ പദ്ധതികളുടെ ഭാഗമായാണ് റെയിൻ കോട്ടുകൾ നൽകിയത്.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com